# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4170 — 16.03.2017 -ൽ മറുപടിക്ക്

### ജോബ്ഫെയറുകൾ മുഖേന തൊഴിലവസരങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. . വി.ഡി. സതീശൻ<br>ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.എസ്. ശിവകുമാർ | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പ് ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തൊഴിൽ വകുപ്പിന് കീഴിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കി വരുന്ന വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി 2015 വർഷം മുതൽ "നിയുക്തി" എന്ന പേരിൽ മെഗാ ജോബ്ഫെയറുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യകേന്ദ്രങ്ങളാക്കി മാറ്റുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി പ്രകാരവും വലുതും ചെറുതുമായ തൊഴിൽ മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. |

.....2/-

| | |
|---|---|
| (ബി) സ്വകാര്യ തൊഴിൽ മേഖലയിലെ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങളാണ് ഈ ഫെയറുകളിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കു സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സംഘടിപ്പിക്കുന്ന "നിയുക്തി" ജോബ് ഫെയറിൽ പങ്കെടുക്കുന്നതിന് ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗദായകർക്കും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജോബ്ഫെയർ സംഘടിപ്പിക്കുന്ന അവസരത്തിൽ സമയ ബന്ധിതമായി ഇതിനായി വെബ്സൈറ്റ് തുറന്നു നൽകുന്നു. ഇടനിലക്കാരില്ലാതെ വകുപ്പ് നേരിട്ട് സംഘടിപ്പിക്കുന്ന ഈ തൊഴിൽ മേളകളിൽ പങ്കെടുക്കുന്നതിന് യാതൊരു വിധത്തിലുള്ള ഫീസും ഈടാക്കുന്നില്ല. തികച്ചും സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ നടത്തി വരുന്നത്. നിയുക്തി പോലുള്ള ജോബ്ഫെയറുകൾ വഴി ഉദ്യോഗദായകരെയും ഉദ്യോഗാർത്ഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നത് വഴി ഉദ്യോഗദായകർക്കു അവരുടെ ഒഴിവുകൾക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നേരിട്ട് സെലക്ട് ചെയ്യാവുന്നതും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം ഉദ്യോഗദായകരുടെ വിവിധ ഒഴിവുകളിലേക്ക് നടത്തപ്പെടുന്ന ഇന്റർവ്യൂവിൽ പങ്കെടുത്തു അർഹമായ തൊഴിൽ നേടാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു. |

| | |
|---|---|
| (സി) ഈ സർക്കാരിന്റെ കാലത്ത് എത്ര ജോബ് ഫെയറുകൾ സംഘടിപ്പിച്ചുവെന്നും എത്ര പേർക്ക് ഇതു വഴി തൊഴിൽ ലഭിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന 3 മെഗാ ജോബ് ഫെയറും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന 214 ജോബ് ഡ്രൈവുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ 3338 പേർക്ക് പ്ലേസ്മെന്റും 12215 പേർക്ക് ജോബ് ഓഫറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ